ശ്രീ. തെന്നല ബാലകൃഷ്ണപിള്ളയെ മാറ്റി ശ്രീ. രമേശ് ചെന്നിത്തലയെ കൊണ്ടുവന്നു. രക്ഷപ്പെട്ടോ? ശ്രീ. തെന്നല കെ.പി.സി.സി. പ്രസിഡന്റ് ആയിരുന്ന കാലത്താണ് നിങ്ങൾക്ക് 100 സീറ്റ് കിട്ടിയത്. ശ്രീ. ചെന്നിത്തല വന്നപ്പോഴാണ് തെരഞ്ഞെടുപ്പുകളിൽ തോൽവിയോടുതോൽവി. ഇവിടെ വ്യക്തിയല്ല പ്രശ്നം. ഇവിടെ നയമാണ് പ്രശ്നം. യു.ഡി.എഫ്. സ്വീകരിച്ച നയം ജനങ്ങൾ ഒറ്റപ്പെടുത്തിയിരിക്കുന്നു. ഈ നയവുമായി നിങ്ങൾ മുന്നോട്ടുപോകാൻ ഇനി കേരളത്തിലെ ജനങ്ങൾ അനുവദിക്കുകയില്ല. അതുകൊണ്ട് ഇവിടെ നടത്തിയ നയപ്രഖ്യാപന പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തിക്കൊണ്ട് ശ്രീ. കടവൂർ ശിവദാസൻ അവതരിപ്പിച്ച പ്രമേയത്തെ ഞാൻ ശക്തിയായി എതിർക്കുകയാണ്.

IX മേശപ്പുറത്തുവച്ച കടലാസ്സുകൾ

മി. സ്പീക്കർ: ഔട്ട് ഓഫ് അജണ്ടയായി 2005-ലെ എക്നോമിക് റിവ്യൂ മേശപ്പുറത്ത്വയ്ക്കാൻ അനുവദിക്കുകയാണ്. കാരണം ബഡ്ജറ്റിനുമുമ്പ് അത് വയ്ക്കേണ്ടതുണ്ട്.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): സർ, 2005 വർഷത്തെ എക്കണോമിക് റിവ്യൂ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തെക്കുറിച്ചുള്ള ചർച്ച (തുടർച്ച)

ശ്രീ. ടി. എം. ജേക്കബ്: സർ, ഒരു കാര്യം അങ്ങയുടെയും സഭയുടെയും ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ഉദ്ദേശിക്കുന്നു.

മി. സ്പീക്കർ: അങ്ങനെ ഒരു പതിവില്ല. നാട്ടിൽ നടക്കുന്ന കാര്യം സബ്മിഷനായി അവതരിപ്പിക്കാം. അല്ലാതെ ആ ദിവസംതന്നെ ..... അത് ശരിയല്ല.

ശ്രീ. ടി. എം. ജേക്കബ്: അല്ല. ഇവിടെ സഭയിൽ അങ്ങനെയൊരു കീഴ്വഴക്കം ഉണ്ടായിട്ടുണ്ട്. ഞാൻ സഭയുടെ കീഴ്വഴക്കം ലംഘിക്കണമെന്ന് ആഗ്രഹിക്കുന്നില്ല. അങ്ങയെ ധിക്കരിക്കണമെന്നും ആഗ്രഹിക്കുന്നില്ല. കേരള നിയമസഭയുടെ മുമ്പിൽ യൂത്ത് കോൺഗ്രസ്സ് /ഡെമോക്രാറ്റിക് ഇന്ദിരാ കോൺഗ്രസ് (കെ)/ പ്രവർത്തകർക്കുനേരെ നടന്ന ക്രൂരമായ പോലീസ് ലാത്തിചാർജ്ജിനെക്കുറിച്ച് പറയാനാണ്.

മി. സ്പീക്കർ: പുറത്തുനടക്കുന്ന കുഴപ്പങ്ങൾ അപ്പോഴപ്പോഴുള്ള തൽസമയ സംപ്രേഷണംപോലെ അവതരിപ്പിക്കുകയെന്നുള്ളത് ബുദ്ധിമുട്ടാണ്.

ശ്രീ. ടി. എം. ജേക്കബ്: ഇതുപോലുള്ള കാര്യങ്ങൾ സഭയിൽ വന്നിട്ടുണ്ട്.....(ബഹളം).....

LIBRARY ARCHIVES Kerala Legislative Assembly